# മനുസ്മൃതിയെ ചോദ്യംചെയ്ത പണ്ഡിത രമാബായി

**മായ എസ്.**

**സ്ത്രീവിമോചനത്തിനും പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനും ബാലവിധവകളുടെ അതിജീവനത്തിനും വേണ്ടി പോരാടിയ ആദ്യകാല ഇന്ത്യൻ ഫെമിനിസ്റ്റുകളിൽ പ്രമുഖയാണ് പണ്ഡിത രമാബായി സരസ്വതി (1858–1922). ബ്രാഹ്മണകുടുംബത്തിൽ ജനിച്ച രമാബായിയ്ക്ക് സംസ്കൃതപഠനം നടത്തിയതിന്റെ പേരിൽ യാഥാസ്ഥിതിക ബ്രാഹ്മണരുടെ ശക്തമായ എതിർപ്പു നേരിടേണ്ടി വന്നു. *മനുസ്മൃതി*യടക്കമുള്ള ഹിന്ദുമതഗ്രന്ഥങ്ങളിലെ സ്ത്രീവിരുദ്ധതയെ വിമർശിച്ചുകൊണ്ട് രമാബായി ക്രിസ്തുമതം സ്വീകരിച്ചു. എന്നാൽ ക്രിസ്തുമതത്തിലേയും പൗരോഹിത്യത്തിനും പുരുഷാധിപത്യത്തിനുമെതിരായി പോരാടേണ്ടി വന്ന പണ്ഡിത രമാബായി, സ്ത്രീ വിദ്യാഭ്യാസത്തിനും സ്ത്രീശാക്തീകരണത്തിനുമായി ജീവിതം മാറ്റിവെച്ചു. ശൈശവവിവാഹത്തിനെതിരായും ബാലവിധവകളെ സംരക്ഷിക്കുന്നതിനും അക്ഷീണം പ്രയത്നിച്ചു. രമാബായിയുടെ അസാധാരണമായ പോരാട്ടവും ജീവിതവും പങ്കുവെയ്ക്കുന്നു.**



മതപരമായ ആചാരങ്ങളിലും ആഘോഷങ്ങളിലും പങ്കെടുക്കുമ്പോൾ എല്ലാ സമൂഹങ്ങളിലും ആളുകളനുഭവിക്കുന്ന ലിംഗപദവി വിവേചനങ്ങളുണ്ട്. ഇന്ത്യയിലും മതമനുഷ്ഠിക്കുമ്പോൾ സ്ത്രീകളനുഭവിക്കുന്ന നിരവധി ലിംഗഭേദ പ്രശ്നങ്ങളുണ്ട്. ഇത്തരം പ്രശ്നങ്ങളുടെ വിശദമായ വിശകലനം മതപരമായ പ്രതിഭാസങ്ങളെ ജ്ഞാനശാസ്ത്രപരമായി സമീപിച്ചുകൊണ്ടുള്ള രീതി സ്വീകരിച്ചുകൊണ്ട് സാധ്യമാകുന്നതാണ്. ഇതിനുള്ള ഉത്തമോദാഹരണമാണ്, ഹിന്ദുമതത്തിൽനിന്ന് ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്ത പണ്ഡിത രമാബായി മതങ്ങളെ കൈകാര്യംചെയ്ത വിധം.

പണ്ഡിത രമാബായി അന്ധവിശ്വാസങ്ങളാൽ നശിപ്പിക്കപ്പെട്ട സ്വന്തം ജീവിതസാഹചര്യങ്ങളുമായി പൊരുതുന്നതിനിടയിൽ ഹിന്ദുമതത്തിൽനിന്ന് പുറത്തുവരികയും ക്രിസ്തുമതത്തിൽ ചേരുകയും ചെയ്തു. എന്നാൽ പരിവർത്തനത്തിനുശേഷം ക്രിസ്തുമതത്തിന്റെ പുരുഷാധിപത്യഘടകങ്ങളെയും അവർ ശക്തമായി വിമർശിച്ചു.



ദയാകൃഷ്ണ

സ്ത്രീവിരുദ്ധമായ ഹിന്ദു ആചാരങ്ങളെക്കുറിച്ചുള്ള തന്റെ വിമർശനാത്മകവീക്ഷണങ്ങളെ വിവരിക്കാൻ *മനുസ്മൃതി*യുടെ വ്യാഖ്യാനപരമായ ഒരു വിവരണം രമാബായി നടത്തി. ഇത്തരത്തിൽ സ്ത്രീപക്ഷപോരാളിയായ രമാബായിയുടെ ജീവിതാനുഭവങ്ങളും മതപരമായ വ്യാഖ്യാനങ്ങളും സാമൂഹികപ്രവർത്തനങ്ങളും അവലോകനംചെയ്യുന്നത്, സ്ത്രീകളെ ദ്വിതീയ (secondary) അസ്തിത്വമാക്കിമാറ്റുന്ന മതങ്ങളുടെ ലിംഗവിവേചനത്തെക്കുറിച്ച് വ്യക്തമായ ധാരണയുണ്ടാക്കുന്നതിനുതകും. മനുഷ്യരുടെ ക്ഷേമത്തിനായി മതം പിന്തുടരണമെങ്കിൽ, എല്ലാ മതങ്ങളും പുനരവലോകനം ചെയ്യപ്പെടേണ്ടതും ലിംഗവിവേചനരഹിതമാക്കേണ്ടതുമാണെന്ന സിദ്ധാന്തത്തോടെയാണ് ഈ വിശകലനം മുന്നോട്ടുപോകുന്നത്.

## മതവും ലിംഗഭേദവും

ഏതൊരു സമൂഹത്തിലും നിലനിൽക്കുന്ന മതത്തിന്റെയും ലിംഗഭേദത്തിന്റെയും പരസ്പരബന്ധങ്ങളെക്കുറിച്ച് അക്കാദമികവിദഗ്ധർ ഏറെ ചർച്ചചെയ്തിട്ടുണ്ട്. സാംസ്കാരികമായും സാമൂഹികമായും പലവിധ സംഭവവികാസങ്ങളുണ്ടായിട്ടും ഇന്ത്യൻ സമൂഹം ഇപ്പോഴും മതത്തെ ഒരു പ്രധാന സാമൂഹിക-സംഘാടന ഘടകമായാണ് നിലനിർത്തുന്നത്. 'നാനാത്വത്തിൽ ഏകത്വം' എന്നതരത്തിലുള്ള മതേതരത്വത്തിന്റെ ആശയങ്ങൾ, വ്യത്യസ്ത മതങ്ങളിൽപ്പെട്ടവർ വസിക്കുന്ന ഒരു രാഷ്ട്രമെന്ന നിലയിൽ രാജ്യം അവകാശപ്പെടുന്നുണ്ടെങ്കിലും അതിന്റെ ചരിത്രത്തിൽ ചിലപ്പോഴൊക്കെ കടുത്ത സമ്മർദമുണ്ടായിട്ടുമുണ്ട്. മറ്റെല്ലാ സാംസ്കാരികപ്രവർത്തനങ്ങളിലും മതം അവിഭാജ്യമായ ഒരു ഘടകമായതിനാൽ, മൂർത്തമല്ലാത്തതും ദൈവം നൽകിയതുമായ ഒന്നായി ജനം കണക്കാക്കുന്ന മതത്തെക്കുറിച്ച് കൂടുതൽ ചർച്ച ചെയ്യേണ്ടതുണ്ട്. അത്തരം ഇന്ത്യൻ ദാർശനികപ്രശ്നങ്ങളുടെ തുടക്കം പുരാതനഗ്രന്ഥങ്ങളുടെ പ്രതിഫലനത്തിലൂടെ മാത്രമേ വിശകലനംചെയ്യാൻ കഴിയൂ എന്ന് ദയാകൃഷ്ണയെപ്പോലുള്ള സമകാലിക ഇന്ത്യൻ തത്ത്വചിന്തകർ അഭിപ്രായപ്പെടുന്നു.

വൈദികാശയങ്ങളെയും അവയുടെ വേരുകളായി അവകാശപ്പെട്ടുകൊണ്ട് നിലനിൽക്കുന്ന ഇന്ത്യയിലെ മതത്തെയും സംസ്കാരത്തെയും മനസ്സിലാക്കാൻ വേദങ്ങളും അതിനുശേഷം സൃഷ്ടിക്കപ്പെട്ട ഗ്രന്ഥങ്ങളും അത്യന്താപേക്ഷിതമാണ്. പുരാതന വിശുദ്ധഗ്രന്ഥങ്ങൾക്ക് വർത്തമാനകാലത്തേക്ക് റഫറൻസുകളും അർഥങ്ങളും സൃഷ്ടിക്കാൻ കഴിയുമെന്ന നിർദേശത്തിന് മാക്സ്മുള്ളറുടെ (Max Muller) മുൻഗണന മാറ്റിവെയ്ക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും മലോറി നെയ് ഉൾപ്പെടെയുള്ള പണ്ഡിതർ മതഗ്രന്ഥങ്ങളുടെ നിർദേശവ്യാപ്തി നിലനിർത്തുന്നു. മതഗ്രന്ഥങ്ങളല്ലാതെ മറ്റ് ഗ്രന്ഥങ്ങൾ വായിക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് അവർ കരുതുന്നു. എങ്കിലും ഇന്ത്യയിലെ സംസ്കാരം, പാരമ്പര്യങ്ങൾ, മതപരമായ ആചാരങ്ങൾ എന്നിവ മുൻകൂട്ടി നിർവചിക്കുന്നതിനാൽ, ഹിന്ദുമതത്തിന്റെ അത്തരം ഗ്രന്ഥങ്ങൾ വിശകലനംചെയ്യുന്നതിന്റെ പ്രസക്തി അവർ നിരാകരിച്ചില്ല (Malory 2003, 149, 157).

പണ്ഡിത രമാബായി



മാക്സ്മുള്ളർ

പ്രത്യേകിച്ചും ഒരു സാമൂഹികക്രമം ഉണ്ടാക്കുന്നതിനായി 'വേദപ്രചോദനത്തിൽനിന്ന് എഴുതപ്പെട്ടതാണ്' എന്ന് വിശ്വസിക്കപ്പെടുന്ന സ്മൃതി കോഡുകൾ, സമകാലികാവസ്ഥയിൽ ഹിന്ദുമതത്തെ ഒരു പ്രബലമതമാക്കി മാറ്റുന്നതിന് സഹായിച്ചു. കൂടാതെ ഹിന്ദുമതത്തിന്റെ പരിഷ്കരിച്ച വൈദികാശയങ്ങളെ ഏറെ പ്രചരിപ്പിക്കുകയും ചെയ്തു. ▶

മനുസ്മൃതിയെ ചോദ്യംചെയ്ത പണ്ഡിത രമാബായി

ഹിന്ദുക്കളുടെ നിയമപുസ്തക മായി കണക്കാക്കപ്പെടുന്ന *മനുസ്മൃതി*, ഹിന്ദുമതത്തിന്റെ ഏറ്റവും സ്ത്രീവിരുദ്ധ-സംസ്കൃത -കാതൽ ആണെന്ന് രമാബായി അഭിപ്രായപ്പെട്ടു. ഹിന്ദുമതത്തിന്റെ ആൻഡ്രോ സെൻട്രിക് (androcentric) സ്വഭാവം കാരണം അവർ ഹിന്ദുവായി തുടരാൻ വിസമ്മ തിക്കുകയും ക്രിസ്തുമതത്തിലേ ക്ക് പരിവർത്തനംചെയ്യുകയും ചെയ്തു. സ്ത്രീയെ കീഴ്പ്പെടു ത്തലെന്നത് ചരിത്രത്തിന്റെ മിക്കവാറും എല്ലാഘട്ടങ്ങളു ടെയും പൊതുസവിശേഷ തയാണെന്നും ഇത് ലോക വ്യാപകമാണെന്നും അവർ ചൂണ്ടിക്കാട്ടി.

സാമൂഹികാചാരങ്ങളെ രൂപപ്പെടുത്തിയ മതപാര മ്പര്യങ്ങളുടെ ശക്തമായ ഉപകരണത്തിലൂടെയാണ് സ്ത്രീകളുടെ പൊതുവായ കീഴ്വഴക്കം ഇന്ത്യയിൽ കഠിനരൂപം കൈക്കൊണ്ട തെന്നാണ് ഉമാ ചക്രവർത്തി പറയുന്നത്. ജാതി എന്നത് അധികാരരാഷ്ട്രീയത്തിന്റെ ശക്തമായ മേഖലയാണ്. അത് മതത്തിന്റെ പൊതുഘടകങ്ങ ളോടൊപ്പം ലിംഗ അസമത്വവു മായും ബന്ധപ്പെട്ടിരിക്കുന്നു. ഇന്ത്യയിലെ സാമൂഹികവർഗീ കരണം സ്ത്രീകളെ മതത്തിലേ ക്കും ജാതിവ്യവസ്ഥയിലേക്കും പ്രവേശിക്കുന്നതിനുള്ള കേന്ദ്ര ങ്ങളായി സ്ഥാപിക്കുകയും മതത്തിന്റെ ആചാരങ്ങൾ നിലനിർത്തുന്നതിനുള്ള വാഹനങ്ങളായി സങ്കല്പി ക്കുകയും ചെയ്തു. ഉയർന്ന ജാതിയിലെ വിശുദ്ധിക്കുവേ ണ്ടി, താഴ്ന്ന ജാതി പുരുഷന്റെ സവർണസ്ത്രീകളിലേക്കുള്ള ലൈംഗികപ്രവേശനം സ്ഥാപ നപരമായി തടയേണ്ട ഒന്നായി വിഭാവനം ചെയ്യപ്പെടുന്നുണ്ട്. അത്തരം ഭീഷണികൾ സ്ത്രീക ളുടെയും പുരുഷന്മാരുടെയും മതപരമായ കൂടിച്ചേരലിലും ബാധകമാണ്. അതേസമയം, മനുസ്മൃതിയനുസരിച്ച്, ഉയർന്ന ജാതിയിലുള്ള പുരുഷന്മാർ ക്ക് ആവശ്യമെങ്കിൽ താഴ്ന്ന ജാതിക്കാരിയായ സ്ത്രീയുമായി ലൈംഗികബന്ധത്തിലേർപ്പെ ടാനോ, വിവാഹംകഴിക്കാനോ അനുവാദമുണ്ട്. നിലവിലുള്ള മതപരമായ മാനദണ്ഡങ്ങള നുസരിച്ച് പുരുഷന്മാർക്ക് മറ്റു മതങ്ങളിലെ സ്ത്രീകളെ സ്വന്തം മതത്തിലേക്ക് പരിവർത്ത നംചെയ്തുകൊണ്ട് വിവാഹം കഴിക്കാം.



പണ്ഡിത രമാബായി സ്ത്രീകളോട് സംസാരിക്കുന്നു

**ഉയർന്ന ജാതിയിലെ വിശുദ്ധിക്ക്, താഴ്ന്ന ജാതിപുരുഷൻ ഉയർന്ന ജാതിയിലെ സ്ത്രീ കളിലേക്കുള്ള ലൈംഗികപ്രവേശനം സ്ഥാ പനപരമായി തടയേണ്ട ഒന്നായി വിഭാവനം ചെയ്യപ്പെടുന്നു. അത്തരം ഭീഷണികൾ സ്ത്രീ കളുടെയും പുരുഷന്മാരുടെയും മതപരമായ കൂടിച്ചേരലിലും ബാധകമാണ്.**

ഉമാ ചക്രവർത്തി



പത്തൊൻപതാം നൂറ്റാ ണ്ടിൽ ദക്ഷിണ അമേരിക്കൻ അടിമസമൂഹത്തിലെ പുരു ഷന്മാരോടുണ്ടായിരുന്ന ഭയത്തിനോട് സാമ്യമുള്ളതാ ണ് ഇന്ത്യയിലെ ജാതി-മത ശ്രേണീവത്കരണത്തിലെ തീണ്ടൽഭയങ്ങൾ. വെള്ള ക്കാരായ യജമാനന്മാരെ സേവിക്കുന്ന കറുത്തവർഗ ക്കാരായവരോട്, യജമാനവർ ഗത്തിനുണ്ടായിരുന്ന, പുരുഷ -പ്രിയാപിസത്തോടുള്ള (male-priapism) ഭയത്തിനും കറുത്ത സ്ത്രീകളോടുള്ള ചൂഷണത്തിനും സമാനമാണ്, ജാതിയും മതവും മൂലമുള്ള അധികാരശ്രേണിയിൽ സ്ത്രീ പുരുഷബന്ധത്തിലെ മേൽപ്പ റഞ്ഞതരം നിയന്ത്രണങ്ങളും താഴേക്കിടയിലുള്ള സ്ത്രീകളെ ഉന്നതകുലജാതരായ പുരുഷ ന്മാർ ചൂഷണംചെയ്യുന്നതും എന്നുകാണാം. വർണവിവേച നമുള്ള ദക്ഷിണാഫ്രിക്കയിലും മിശ്രവിവാഹം നിയമം മൂലം നിരോധിച്ചിരുന്നു. അവരുടെ ലൈംഗികതയെക്കുറിച്ചുള്ള ഉത്കണ്ഠയാണ് ഇത്തരം ചിന്തകൾക്കു കാരണമായത്. അതിനാൽ സ്ത്രീകളെ സംരക്ഷി ക്കേണ്ടത് കുടുംബത്തിലെ പുരുഷന്മാരുടെ ബാധ്യത യാണെന്ന് മതങ്ങളിലൂടെ അഭിപ്രായപ്പെടുന്നു. സ്ത്രീകളെ പുരുഷന്റെ നിയന്ത്രണ ത്തിലുള്ള മതങ്ങളിലൂടെ കീഴ്പ്പെടുത്തുകയെന്നതാണ് കുടുംബവും സമൂഹവും ചെയ്യുന്നത്. സ്ത്രീകളുടെ ശരീരത്തിൽ മാത്രം ശ്രദ്ധ കൊടുത്തുകൊണ്ട് മനസ്സിനും വ്യക്തിത്വത്തിനും പ്രാധാന്യം കൊടുക്കാതിരിക്കൽ. കൗമാ രത്തിൽ പിതാവും യൗവന ത്തിൽ ഭർത്താവും വാർധ ക്യത്തിൽ മകനും സ്ത്രീയെ സംരക്ഷിക്കണമെന്ന് *മനുസ്മൃതി* വ്യക്തമായി നിർദേശിക്കുന്നു. അയിത്തജാതിക്കാർക്കും ഹിന്ദുസമൂഹത്തിന്റെ അതേ സംസ്കാരമുണ്ടായിരുന്നുവെന്ന ഡോ. അംബേദ്കറുടെ വാദം, ഇത്തരത്തിലുള്ള പുരുഷാധി കാരം ചാതുർവർണ്യത്തിലും പുറത്തും നിലനിൽക്കുന്ന ഉയർന്ന ജാതിക്കാർ മാത്രമല്ല, താഴ്ന്ന ജാതിക്കാരും പിന്തുടരു ന്നുവെന്ന വസ്തുത സ്ഥിരീക രിക്കുന്നു [Ambedkar (Vol. 5) 1989, 133].

## പുരുഷാധികാരത്തി നെതിരേ

1858-1922 കാലഘട്ട ത്തിൽ ജീവിച്ചിരുന്ന ഒരു സാമൂഹികതത്ത്വചിന്തക യും (social philosopher) സാമൂഹികപരിഷ്കർത്താ വുമാണ് (social reformer) പണ്ഡിത രമാബായി. എഴുത്തിലൂടെ സ്ത്രീവിരുദ്ധ മായ ഹൈന്ദവാചാരങ്ങളെ വിമർശിക്കുകയും പ്രവർ ത്തനങ്ങളിലൂടെ സ്ത്രീകളെ ബോധവത്കരിക്കുകയും ചെയ്ത അവർ ബൗദ്ധികവും സാംസ്കാരികവുമായി ഇന്ത്യൻ ചരിത്രത്തിൽ പ്രാധാന്യമർഹി ക്കുന്ന വ്യക്തിയാണ്. സംസ്കൃത ഗ്രന്ഥങ്ങളിൽ അവർക്കുണ്ടാ യിരുന്ന ഗ്രാഹ്യത്തെ മാനിച്ച് കൽക്കട്ട യൂണിവേഴ്സിറ്റി അവർക്കു നൽകിയ ബഹുമ തിയാണ് പണ്ഡിത എന്നത്. ഹിന്ദുഭാര്യമാരെയും വിധവക ളെയും കുറിച്ചുള്ള മതപരമായ അന്ധവിശ്വാസങ്ങൾ അവർ ചൂണ്ടിക്കാട്ടി. ബ്രാഹ്മണകുടും ബത്തിൽ പിറന്ന് ഇതരജാതി യിൽ വിവാഹംകഴിച്ച് ചെറു പ്പത്തിൽത്തന്നെ വിധവയായ രമാബായി അത്തരം ജീവിതാ നുഭവങ്ങളെ അതിജീവിച്ചു.

**സംസ്കൃതഗ്രന്ഥങ്ങളിൽ അവർക്കുണ്ടായിരു ന്നു ഗ്രാഹ്യത്തെ മാനിച്ച് കൽക്കട്ട യൂണിവേ ഴ്സിറ്റി അവർക്കു നൽകിയ ബഹുമതിയാണ് പണ്ഡിത എന്നത്. ഹിന്ദുഭാര്യമാരെയും വിധവ കളെയും കുറിച്ചുള്ള മതപരമായ അന്ധവിശ്വാ സങ്ങൾ അവർ ചൂണ്ടിക്കാട്ടി.**



അംബേദ്കർ



പണ്ഡിത രമാബായി ബാംഗ്ലൂർ മിഷനറിമാർക്കൊപ്പം. ചിത്രം കടപ്പാട്: കൗൺസിൽ ഫോർ വേൾഡ് മിഷൻ ആർക്കൈവ്സ്

എല്ലാ ധർമശാസ്ത്രങ്ങളും വിശുദ്ധേതിഹാസങ്ങളും പുരാണങ്ങളും ആധുനികക വികളും ഇന്നത്തെ ജനപ്രിയ പ്രഭാഷകരും യാഥാസ്ഥിതിക ഉയർന്നജാതിക്കാരും രണ്ടു കാര്യങ്ങളിൽ മാത്രമേ യോജി ക്കുന്നുള്ളൂവെന്ന കാര്യം രമാബായിയുടെ മതപരിവർ ത്തനസാക്ഷ്യപത്രം പ്രഖ്യാപി ക്കുന്നു. ഉയർന്നതും താഴ്ന്നതു മായ സ്ത്രീകൾ ഭൂതങ്ങളെക്കാൾ മോശവും മനുഷ്യർക്ക് കഴിയുന്നതുപോലെ മോക്ഷം ലഭിക്കാത്തതും അവിശുദ്ധവു മാണെന്നുള്ളതാണ് അവരുടെ യോജിപ്പിന്റെ തലങ്ങൾ. ലോകത്തിനുമുൻപിൽ സ്ത്രീകളെ വെറുക്കപ്പെടേണ്ട ജീവികളാക്കാനുള്ള ശ്രമത്തി ന്റെ മികച്ച ഉദാഹരണമാണ് *മനുസ്മൃതിയെന്ന്* രമാബായി പ്രഖ്യാപിച്ചു.

പൊതുവെ ഹിന്ദു ആധിപത്യമുള്ള ഒരു പ്രദേശ മായ ഇന്ത്യൻ സമൂഹത്തെ നോക്കുകയാണെങ്കിൽ, പുരാതന ഹൈന്ദവഗ്രന്ഥ ങ്ങൾ പുരുഷനും സ്ത്രീയും എന്നനിലയിൽ ലിംഗഭേദമു ള്ള ആളുകളുടെ മനസ്സിനെ സ്വാധീനിച്ചിട്ടുണ്ടെന്ന് പറയാം. എന്നാൽ ഇന്ത്യയിലെ ജീവിതക്രമനിയമത്തിന്റെ കൈപ്പുസ്തകമായ *മനുസ്മൃതി* യിൽനിന്നുള്ള പ്രസിദ്ധമായ ഉദ്ധരണികൾ ആധുനികസമൂ ഹത്തിലും ഉത്തരാധുനികത യുടെ മുഠംമുനയിൽപ്പോലും ഇപ്പോഴും ആഘോഷിക്ക പ്പെടുന്നു. *മനുസ്മൃതി*വചന ങ്ങളെ പരാമർശിച്ചുകൊ ണ്ട്, സ്ത്രീയുടെ പദവിയെ ദ്വിതീയവും പുരുഷന്മാർക്ക് കീഴ്പ്പെടുത്തുന്നതുമായി നിശ്ചയിക്കുന്ന പ്രവണത രമാബായി ചൂണ്ടിക്കാട്ടി.

സ്ത്രീകളെ മതപരമായി അജൈവവസ്തുക്കളോട് സാമ്യപ്പെടുത്തുകയും അവരെ മതത്തിന്റെ പാത്രങ്ങളും വാഹനവുമാക്കാൻ നിർബന്ധി ക്കുകയും ചെയ്യുന്ന നിരവധി വാക്യങ്ങൾ *മനുസ്മൃതി*യിലുണ്ട്. ▶

മനുസ്മൃതിയെ ചോദ്യംചെയ്ത പണ്ഡിത രമാബായി

▶ *മനുസ്മൃതി*യിലെ ഒൻപതാമധ്യായത്തിലെ പതിനെട്ടാം ശ്ലോകത്തിൽനിന്ന്, സ്ത്രീകൾക്ക് മന്ത്രങ്ങളില്ലെന്നും അതിനാൽ അവർ മതപരമായ കർത്തവ്യങ്ങൾ ചെയ്യാൻ പാടില്ലെന്നും പറയുന്നത് രമാബായി വിമർശനവിധേയമാക്കുന്നു:

*നാസ്തി സ്ത്രീണാം ക്രിയാ മന്ത്രൈരിതി ധർമവ്യവസ്ഥിതിഃ*
*നിരിന്ദ്രിയ ഹ്യമന്ത്രാശ്ച സ്ത്രീയോ/ നൃതമിതി സ്ഥിതിഃ*
(Manu Smriti IX: 18)

ഈ വാക്യത്തിന്റെ വിവർത്തനം ഇപ്രകാരമാണ്: (എം. എൻ. ദത്ത്, Sharma 1998, 394) "സ്ത്രീകളുടെ ശുദ്ധീകരണച്ചടങ്ങുകൾ (അതായത് നടത്തണം) വേദ മന്ത്രങ്ങളില്ലാതെയാണ്; ഇത് നിയമസംഹിതയുടെ തീരുമാനമാണ്. മന്ത്രരഹിതമായ ഈ അയോഗ്യതയ്ക്ക്, സ്ത്രീകൾ അജൈവവസ്തുക്കളെപ്പോലെയാണ്. ഇതാണ് നിഗമനം."

അജൈവവസ്തുക്കളായി സ്ത്രീകളുടെ നിലനിൽപ്പിന് നൽകിയിരിക്കുന്ന താഴ്ന്ന പദവി, മന്ത്രങ്ങൾ ജപിക്കാൻ അവകാശമില്ല എന്ന മതപരമായ കാരണത്തെ വ്യക്തമായി വരയ്ക്കുന്ന ഈ വാക്യം സ്ത്രീകളുടെ താഴ്ന്നനിലയുടെ മതപരമായ കാരണങ്ങളെ മാത്രമല്ല, പുരുഷന്മാരുടെ വെറും വസ്തുക്കളായുള്ള സ്ത്രീകളുടെ നിലനിൽപ്പിനെപ്പോലും നിർദേശിച്ചിരിക്കുന്നു.

ഭർത്താവിനോടുള്ള കടമകൾ നിറവേറ്റുന്നതിലൂടെ മാത്രമേ സ്ത്രീകൾക്ക് മോക്ഷം നേടാനാകൂ എന്ന പരാമർശത്തിൽ, അതേ താഴ്ന്നനിലയുടെ മതപരമായ കാരണങ്ങളെ പ്രതിപാദിക്കുന്നു:

*നാസ്തി സ്ത്രീണാം പൃഥഗ്യജ്ഞോ ന വ്രതം നാപ്യുപോഷണം*
*പതിം ശുശ്രൂഷതേ യേന തേന സ്വർഗേ മഹീയതേ*
(V:155)

( 'ഒരു ഭാര്യക്ക് അവളുടെ നാഥനോടുള്ള (അതായത്, ഭർത്താവിനോടുള്ള) അചഞ്ചലമായ ഭക്തിയല്ലാതെ മറ്റൊരു മതപരമായ നേർച്ചയും ഇല്ല. അതിലൂടെ അവൾ സ്വർഗത്തിൽ മഹത്ത്വപ്പെടും')


പണ്ഡിത രമാബായി

ഇത്തരം വരികൾ വിലയിരുത്തിക്കൊണ്ട്, കഠിനമായ ഹിന്ദു ആചാരങ്ങൾക്കെതിരേ ഗുരുതരമായ വിമർശനങ്ങൾ ബ്രാഹ്മണസമുദായത്തിൽ ജനിച്ച രമാബായി എഴുത്തിലൂടെ ഉയർത്തി. ബ്രിട്ടീഷ് ഭരണത്തോടുള്ള പ്രതികരണമെന്ന നിലയിൽ ഹിന്ദുദേശീയതയുടെ (Hindu Nationalism) ഒട്ടുമിക്ക അനുമാനങ്ങളും അവർ ആദ്യം അംഗീകരിച്ചെങ്കിലും ഹിന്ദുമതത്തിന്റെ കാതൽ അടിസ്ഥാനപരമായി പുരുഷാധിപത്യമാണെന്ന് കണ്ടെത്തുകയും ക്രിസ്തുമതത്തെ മികച്ച ഓപ്ഷനായി കാണുകയും ചെയ്തു. *ദ ഹൈ കാസ്റ്റ് ഹിന്ദു വുമൺ* എന്ന പുസ്തകത്തിൽ, പുരുഷന്റെ മോക്ഷം പുത്രനെ ലഭിക്കുന്നതായി പറയുന്ന *മനുസ്മൃതി*യുടെ വരികൾ അവർ പരാമർശിക്കുന്നു. ഹൈന്ദവവിശ്വാസമനുസരിച്ച് മോക്ഷം നേടുന്നതിനായി യജമാനനായ ഭർത്താവിന് ഒരു മകനെ നൽകാൻ സ്ത്രീ ബാധ്യസ്ഥയാകുന്നു. പടിഞ്ഞാറും തെക്കും ഇന്ത്യയിൽ, ഒരു പെൺകുട്ടിയോ സ്ത്രീയോ മൂപ്പന്മാരെയും പുരോഹിതന്മാരെയും അഭിവാദ്യം ചെയ്യുമ്പോൾ, "നിനക്ക് എട്ട് ആൺമക്കളുണ്ടാകട്ടെ, നിങ്ങളുടെ ഭർത്താവ് നിങ്ങളെക്കാൾ ജീവിക്കട്ടെ" ['Mayst thou have eight sons, and may thy husband survive thee' (Ramabai 1888/2013, 89)] എന്ന വാക്കുകൾകൊണ്ട് അവർ അവളെ അനുഗ്രഹിക്കുന്നു. കിഴക്കൻ ഇന്ത്യയിലെ ബ്രാഹ്മണർ ദാരിദ്ര്യത്തിനിടയിലും നൂറ്റാണ്ടുകളായി ബഹുഭാര്യത്വത്തിന്റെ ആചാരം മുതലെടുത്തതായി രമാബായി വിമർശിക്കുന്നു. പുരുഷന് ആചാരപ്രകാരം പത്തോ



ദ ഹൈ കാസ്റ്റ് ഹിന്ദു വുമൺ

പതിനൊന്നോ, അല്ലെങ്കിൽ നൂറുകണക്കിന് പെൺകുട്ടികളെ വിവാഹംകഴിക്കാം!

ഇതോടൊപ്പം ജനകീയ സംസ്കാരം ആചാരപരാമർശം എന്നിവയെക്കുറിച്ചും

**ഒരു താഴ്ന്ന ജാതിക്കാരനെ വിവാഹംകഴിക്കുകയും ചെറുപ്പത്തിൽത്തന്നെ വിധവയാവുകയും ചെയ്ത ഒരു ബ്രാഹ്മണസ്ത്രീയെന്ന നിലയിൽ സ്വന്തം അനുഭവങ്ങളിലൂടെ രമാബായി ഹിന്ദുക്കളുടെ അധികാരത്തിനെതിരേ പോരാടിയിട്ടുണ്ട്. ബ്രാഹ്മണസമുദായത്തിലെ നിരവധി യുവവിധവകളെ അവർ കണ്ടെത്തി.**

രമാബായി സൂക്ഷ്മപരിശോധന നടത്തുന്നു. ഇരുപത്തിനാല് വയസ്സാണ് ഒരു യുവാവിന്റെ ഏറ്റവും കുറഞ്ഞ വിവാഹപ്രായമെന്ന് മനു വ്യക്തമായി പറഞ്ഞിട്ടുണ്ടെങ്കിലും ജനകീയാചാരം നിയമത്തെ ധിക്കരിക്കുന്നതാണെന്ന് രമാബായി ചൂണ്ടിക്കാട്ടി. മതപരമായ ആചാരങ്ങളുടെ ജനകീയസംസ്കാരം വികസിപ്പിച്ചെടുത്ത ശൈശവവിവാഹാചാരങ്ങളുണ്ട്. അതിന്റെ ഭാഗമായി പത്തും പന്ത്രണ്ടും വയസ്സുള്ള ആൺകുട്ടികൾ ഏഴോ എട്ടോ വയസ്സുള്ള പെൺകുട്ടികളെ വിവാഹം കഴിക്കാറുണ്ട്.

"ഒരു മകൾ പുത്രന് തുല്യമാണ്" (IX:130) എന്ന *മനുസ്മൃതി*യുടെ പ്രതീക്ഷ നൽകുന്ന വരിയും അവർ പരാമർശിക്കുന്നു. നമ്മുടെ പതിവുജീവിതത്തിന്റെ വ്യാഖ്യാനങ്ങളിലും അനുഭവപരമായ ധാരണകളിലും പുരുഷകേന്ദ്രീകൃതത്വം വ്യക്തമാണ് എന്ന് രമാബായി പറയുന്നു: "ഒരു ഹിന്ദു ആഗ്രഹിക്കുന്ന എല്ലാ അനുഗ്രഹങ്ങളിലും ഏറ്റവും കൊതിക്കുന്നത് ഒരു മകനെയാണ്. കാരണം, കുടുംബത്തിൽ ഒരു മകന്റെ ജനനത്തിലൂടെ പിതാവ് വീണ്ടെടുക്കപ്പെടുന്നു." (Ramabai 1888/2013, 8; Chakravarti 2007, 17).

അമ്മയുടെയും കുഞ്ഞിന്റെയും അനുഭവങ്ങൾക്കൊപ്പം ഭാര്യയെന്നനിലയിൽ ഒരു സ്ത്രീയുടെ അനുഭവങ്ങളും രമാബായി വിശദീകരിക്കുന്നു: "*മനുസ്മൃതി* പ്രകാരം ഭാര്യയെ ഭർത്താവിന് സ്വത്തായി പ്രഖ്യാപിക്കുകയും പശുക്കൾ, ആട് മുതലായവയെപ്പോലെ തരംതിരിക്കുകയും ചെയ്യുന്നു. ഭർത്താവിനൊപ്പം മരണശേഷം സ്വർഗംപൂകാനാഗ്രഹിക്കുന്ന വിശ്വസ്തയായ ഒരു ഭാര്യ, തന്റെ കൈപിടിച്ചവനെ, അവൻ ജീവിച്ചിരിക്കുന്നവനായാലും മരിച്ചവനായാലും അപ്രീതിപ്പെടുത്തുന്ന ഒന്നും ചെയ്യരുത്. അത്തരത്തിൽ തന്റെ ചിന്തകളെയും സംസാരത്തെയും പ്രവർത്തനത്തെയും നിയന്ത്രിക്കുന്ന ഒരു സ്ത്രീക്ക് ഈ ജീവിതത്തിൽ ഏറ്റവുമുയർന്ന പ്രശസ്തിയും അടുത്ത ലോകത്തിൽ ഭർത്താവിനടുത്തുള്ള സ്ഥാനവും ലഭിക്കുന്നു." (Ramabai 1888/2013).

മനുസ്മൃതി



ഒരു താഴ്ന്ന ജാതിക്കാരനെ വിവാഹംകഴിക്കുകയും ചെറുപ്പത്തിൽത്തന്നെ വിധവയാവുകയും ചെയ്ത ഒരു ബ്രാഹ്മണസ്ത്രീയെന്ന നിലയിൽ സ്വന്തം അനുഭവങ്ങളിലൂടെ രമാബായി ഹിന്ദുക്കളുടെ അധികാരത്തിനെതിരേ പോരാടിയിട്ടുണ്ട്. ബ്രാഹ്മണസമുദായത്തിലെ നിരവധി ▶

യുവവിധവകളെ അവർ കണ്ടെത്തി. അടിസ്ഥാന മാനുഷികപരിഗണനകളൊന്നും ലഭിക്കാത്ത അവരുടെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ രമാബായി ശ്രമിച്ചു. 1881-ലെ സെൻസസ് പ്രകാരം ഇന്ത്യയിൽ 19 വയസ്സിന് താഴെയുള്ള വിധവകൾ 6,69,100 പേരുണ്ടെന്ന് അവർ കണ്ടെത്തി. ഭർത്താക്കന്മാരുടെ മരണത്തിനുശേഷം ഈ വിധവകളെ ജീവിതകാലം മുഴുവൻ അവിവാഹിതരായി ജീവിക്കാൻ മതം നിയോഗിക്കുന്നതിന്റെ ക്രൂരത ഉയർത്തിക്കാട്ടിയാണ് രമാബായി അത് വിശദീകരിക്കുന്നത്. മുതിർന്നവരുമായി എട്ടാംവയസ്സിലോ ഒമ്പതാംവയസ്സിലോ വിവാഹനിശ്ചയം നടത്തിയ ബ്രാഹ്മണവിധവകളിൽ പലർക്കും മരണംവരെ കന്യകയായ വിധവകളായി ജീവിക്കേണ്ടിവന്നിരുന്നു. ഇതിൽ മനംനൊന്ത രമാബായി, വിധവകളായ കൊച്ചുപെൺകുട്ടികളെയും സ്ത്രീകളെയും പഠിപ്പിക്കുകയും ജോലിചെയ്യാൻ ചേർക്കുകയും ചെയ്തുകൊണ്ട് സാമൂഹികമാറ്റത്തിനുള്ള പ്രവർത്തനങ്ങളാരംഭിച്ചു. തുടർന്ന് അവർ 'ആര്യമഹിളാ സമാജ'ത്തോടൊപ്പം തന്റെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയും ഹിന്ദുവിധവകളെ പിന്തുണയ്ക്കുകയും അമേരിക്കയിൽനിന്ന് ധനസമാഹരണം നടത്തുകയും ചെയ്തു. അതോടൊപ്പം ജീവിതാനുഭവങ്ങളെ അടിസ്ഥാനമാക്കി, ആചാരങ്ങൾ സൃഷ്ടിച്ച മതഗ്രന്ഥങ്ങളുടെ ആധികാരികതയെക്കുറിച്ചുള്ള ചോദ്യങ്ങൾ അവർ നിരന്തരം ഉന്നയിച്ചു. മതത്തിലെ ഇത്തരം പ്രശ്നങ്ങൾ മനസ്സിലാക്കാൻ സ്ത്രീകൾക്ക് കൂടുതൽ വിദ്യാഭ്യാസം നൽകണമെന്നും രമാബായി കർശനമായി നിർദേശിച്ചു.

### പണ്ഡിത രമാബായിയും ക്രിസ്തുമതവും

ഒരുമതത്തിൽനിന്ന് മറ്റൊരു മതത്തിലേക്ക് മാറുക മാത്രമല്ല രമാബായി ചെയ്തത്. മതത്തിന്റെ സ്ഥാപനവത്കൃതരൂപത്തെത്തന്നെ വിമർശിക്കുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ സ്ത്രീശാക്തീകരണത്തിനായി രമാബായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ തീർച്ചയായും ഇന്ത്യൻ സമൂഹത്തിൽ സ്വാധീനംചെലുത്തിയിട്ടുണ്ട്. ഉത്തരേന്ത്യയിലെ ബ്രാഹ്മണസമൂഹത്തിലെങ്കിലും അത് ശക്തമായ ചിന്തകൾ ഉയർന്നുവരാൻ കാരണമായി. ഇരുപതാംനൂറ്റാണ്ടിലെ ഇന്ത്യൻ ഫെമിനിസ്റ്റുകൾ മതങ്ങളിൽ അവിശ്വാസത്തോടെ നീങ്ങിയതിനാൽ, ഹിന്ദുമതത്തെയും ക്രിസ്തുമതത്തെയും മതവിശ്വാസത്തെയും കുറിച്ചുള്ള രമാബായിയുടെ വിമർശനം അവരിൽ വലിയ സ്വാധീനമുണ്ടാക്കിയില്ല. ഉമാ ചക്രവർത്തി ഈ കാര്യം ചൂണ്ടിക്കാണിക്കുന്നുണ്ട്. അതോടൊപ്പം ഹിന്ദുമതത്തിലെ പുരുഷാധിപത്യഘടകങ്ങളോട് പോരാടുന്നതിന് ക്രിസ്ത്യാനിറ്റിയെ യുക്തിസഹമായി തിരഞ്ഞെടുത്തതിന് രമാബായിയുടെ കാലത്ത് പ്രസക്തിയുണ്ടെന്നും പ്രസ്താവിക്കുന്നു. ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്തെങ്കിലും ഒരുകാലഘട്ടത്തിലും രമാബായി മിഷണറിമാരുടെ കൈകളിലെ ഒരുപകരണമായിരുന്നില്ല എന്ന വസ്തുത ഉമാ ചക്രവർത്തി  തിരിച്ചറിയുന്നുണ്ട് (ചക്രവർത്തി 2007, 17); ഒരു ഫെമിനിസ്റ്റ് എന്ന നിലയിൽ രമാബായിയെ അവർ അഭിനന്ദിക്കുകയും ചെയ്യുന്നുണ്ട്.

പള്ളിയുമായുള്ള രമാബായിയുടെ ബന്ധം അസ്ഥിരവും ബിഷപ്പുമാരുടെ സ്വേച്ഛാധിപത്യവിധികൾമൂലം സംഘർഷങ്ങൾ നിറഞ്ഞതുമായിരുന്നു. സ്ത്രീകളുടെമേലുള്ള ക്രിസ്ത്യൻ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലും അവർ രോഷാകുലയായിരുന്നു. ബ്രിട്ടനിലേക്ക് പോയി ക്രിസ്തുമതം സ്വീകരിച്ച രമാബായിയെ, ആദ്യം ബ്രിട്ടീഷ് യുവാക്കളെയും സ്ത്രീകളെയും മറാത്തിയും തത്ത്വചിന്തയും പഠിപ്പിക്കാനാണ് നിയമിച്ചത്. ലഹോറിലെയും മുംബൈയിലെയും ബിഷപ്പുമാർ, പുരുഷന്മാരെ പഠിപ്പിക്കാൻ ഒരു സ്ത്രീയെ നിയമിക്കുന്ന രീതിക്കെതിരേ, ഇത് ഇന്ത്യക്ക് നാണക്കേടായെന്നുപറഞ്ഞ് മുന്നോട്ടുവന്നു. അധികൃതരുടെ ഈ അഭിപ്രായത്തോട് രമാബായി രൂക്ഷമായി പ്രതികരിച്ചു. കത്തിടപാടുകളിൽ അവർ പറയുന്നു: "എനിക്ക് എന്റേതായ ഒരു മനസ്സാക്ഷിയും മനസ്സുമുണ്ട്. ദൈവം എനിക്കുതന്നിട്ടുള്ള എല്ലാക്കാര്യങ്ങളും ഞാൻ സ്വയം ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഇന്ത്യൻ പൗരോഹിത്യഗോത്രത്തിന്റെ നുകത്തിൽനിന്ന് ഞാൻ എന്നെത്തന്നെ മോചിപ്പിച്ചിരിക്കുന്നു. അതിനാൽ എല്ലാം സ്വീകരിച്ച് സമാനമായ മറ്റൊരു നുകത്തിൻകീഴിൽ എന്നെത്തന്നെ ഏൽപ്പിക്കാൻ ഞാൻ ഇപ്പോൾ തയ്യാറല്ല."

രമാബായി ബിഷപ്പുമാരുടെ അധികാരം അംഗീകരിക്കാൻ വിസമ്മതിച്ചത് ആംഗ്ലിക്കൻ ചർച്ചിന്റെ സംശയത്തിനുകാരണമായി. ചർച്ച് ഓഫ് ഇംഗ്ലണ്ടുമായുള്ള ഏറ്റുമുട്ടലുകൾ രമാബായിയുടെ ജീവിതത്തിൽ ഏറെക്കാലം തുടർന്നു. ക്രിസ്തുവിന്റെ അദ്ഭുതകരമായ ജനനത്തെക്കുറിച്ചും പരിശുദ്ധസങ്കല്പത്തെക്കുറിച്ചും രമാബായിക്ക് തർക്കമുണ്ടായിരുന്നു. അങ്ങനെ ആംഗ്ലിക്കൻ ചർച്ചിലെ തന്റെ ഉപദേഷ്ടാവായ സിസ്റ്റർ ജെറാൾഡിനെ രമാബായി പ്രകോപിപ്പിച്ചു. ക്രിസ്തുമതം സ്വീകരിച്ചശേഷം ഇന്ത്യയിലും ഇംഗ്ലണ്ടിലും അവർ അത്തരം ബൗദ്ധികപ്രഭാഷണങ്ങൾ നടത്തി. മതം സ്ത്രീകളെ അടിച്ചമർത്തുന്ന രീതിയോടുള്ള രമാബായിയുടെ സമീപനത്തെ അംഗീകരിക്കാൻ പള്ളി അധികാരികൾക്ക് കഴിഞ്ഞില്ല. രമാബായി പുരുഷന്മാരെ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിന്റെ ഔചിത്യത്തെക്കുറിച്ചുള്ള ചോദ്യം അതിന്റെ പ്രതിഫലനമായിരുന്നു. 'പ്രൊഫസർ' പദവി രമാബായിക്ക് കിട്ടുമെന്നും അത് അവരെ നിയന്ത്രിക്കുന്നത് കൂടുതൽ ബുദ്ധിമുട്ടാക്കുമെന്നും പള്ളി അധികാരികൾ ഭയപ്പെട്ടു. രമാബായി ഇംഗ്ലണ്ടിൽനിന്ന് ഇന്ത്യയിലേക്ക് മടങ്ങുമ്പോൾ മതത്തിന് അവരുടെമേലുള്ള പിടി നഷ്ടപ്പെടുമോ എന്ന ഉത്കണ്ഠയും അധികാരികൾക്കുണ്ടായിരുന്നു. എന്നാൽ, താൻ ജനിച്ചുവളർന്ന നാട്ടിൽ വിധവകളായി കഷ്ടപ്പെടുന്ന സമൂഹത്തോടൊപ്പം പ്രവർത്തിക്കാൻ രമാബായി തീരുമാനിച്ചു.

അതിനായി പണം സമാഹരിക്കാൻ അവർ അമേരിക്കയിലേക്ക് പോകുകയും മതാധിഷ്ഠിതസമൂഹങ്ങളിലെ ലിംഗപദവിപ്രശ്നങ്ങളെക്കുറിച്ച് പ്രഭാഷണങ്ങളിലും എഴുത്തിലും ഏർപ്പെടുകയും ചെയ്തു. എങ്കിലും ആംഗ്ലിക്കൻ മിഷണറിമാർ അവരുടെ യാത്രയിൽ ആശങ്കപുലർത്തിയിരുന്നു.

1882-ലാണ് രമാബായി പുണെയിൽ വന്ന് ആര്യമഹിളാസമാജം സ്ഥാപിച്ചത്; ക്രിസ്തുമതത്തിലേക്ക് പരിവർത്തനത്തിനായി ഇംഗ്ലണ്ടിലേക്ക് പോകുന്നതിന് തൊട്ടുമുൻപ്.

ഗെയിൽ ഓംവെദ് പറയുന്നതനുസരിച്ച്, സ്ത്രീകളെ അടിച്ചമർത്തുന്ന മതങ്ങളെ വിമർശിച്ചിട്ടും (ക്രിസ്തുമതത്തോടുള്ള പ്രതികരണമായി മനസ്സിലാക്കാവുന്ന) സസ്യാഹാരം പോലുള്ള ചില ബ്രാഹ്മണാചാരങ്ങൾ രമാബായി തുടർന്നിരുന്നു. രമാബായിയുടെ സമകാലികയായിരുന്ന താരാബായ് ഷിൻഡെയും മതവുമായി പോരാടിയതായി ഓംവെദ് അഭിപ്രായപ്പെടുന്നു (Omvedt, 2006). ഇന്ത്യൻ മതസമൂഹങ്ങളിൽ സ്ത്രീകളനുഭവിക്കുന്ന അസമത്വങ്ങളെക്കുറിച്ച് ചർച്ചചെയ്യാൻ താരാബായ് ഷിൻഡെ എഴുതിയ പുസ്തകമാണ് *സ്ത്രീ-പുരുഷ തുൽന*.

രമാബായിയുടെ പ്രവർത്തനങ്ങൾ അക്കാലത്ത് ഒരു വലിയ ചുവടുവെപ്പായിരുന്നു. രമാബായിയുടെയും താരാബായിയുടെയും കൃതികളെ ഗെയിൽ ഓംവെദ് ആദ്യകാല ഇന്ത്യൻ ഫെമിനിസമായി പ്രഖ്യാപിക്കുകയും രമാബായിയുടെ ശ്രമഫലമായി ഇന്ത്യയിൽ പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിന് തുടക്കമിട്ടതായി സ്ഥാപിക്കുകയും ചെയ്യുന്നു.

ഇന്ത്യൻ സമൂഹത്തിലെ ലിംഗവിവേചനം മാറ്റുകയെന്ന ലക്ഷ്യത്തോടെയാണ് സ്ത്രീകളുടെ ജീവിതാനുഭവങ്ങളെ വിശകലനം ചെയ്യേണ്ടത്. ക്രിസ്തുമതം സ്വീകരിച്ചതിനുശേഷവും പണ്ഡിത രമാബായി ഇന്ത്യയിൽ അത്തരമൊരു ശ്രമം നടത്തി, മതത്തിലെ ലിംഗവിവേചനം ചർച്ചചെയ്യാൻ പ്രവർത്തിച്ച ഫെമിനിസ്റ്റുകൾക്ക് ഒരു മികച്ച മാതൃകയായി. രമാബായിയുടെ രണ്ട് വ്യത്യസ്ത മതജീവിതാനുഭവങ്ങൾ കാണിക്കുന്നത്, പുരുഷന്മാരും സ്ത്രീകളും എങ്ങനെയാണ് മതം അനുഭവിക്കുന്നതെന്നാണ്. വിവിധ ജീവിതപ്രശ്നങ്ങളിൽനിന്ന് പുറത്തുകടന്ന് സ്ത്രീകൾക്കുവേണ്ടി നിരന്തരം ഇടപെട്ട രമാബായിയുടെ രീതി, മതങ്ങളിലും പുറത്തും സമത്വത്തിനും സമഗ്രതയ്ക്കും വേണ്ടി പോരാടുന്ന എല്ലാ സ്ത്രീകൾക്കും ആവേശം നൽകുന്നതാണ്.■


രമാബായി

**ഒരുമതത്തിൽനിന്ന് മറ്റൊരു മതത്തിലേക്ക് മാറുക മാത്രമല്ല, മതത്തിന്റെ സ്ഥാപനവത്കൃതരൂപത്തെത്തന്നെ രമാബായി വിമർശിക്കുന്നുണ്ട്. പത്തൊൻപതാം നൂറ്റാണ്ടിൽ സ്ത്രീശാക്തീകരണത്തിനായി രമാബായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഇന്ത്യൻ സമൂഹത്തിൽ സ്വാധീനംചെലുത്തിയിട്ടുണ്ട്. ഉത്തരേന്ത്യയിലെ ബ്രാഹ്മണസമൂഹത്തിലെങ്കിലും അത് ശക്തമായ ചിന്തകൾ ഉയർന്നുവരാൻ കാരണമായി.**

സ്ത്രീ-പുരുഷ തുൽന





ഗെയിൽ ഓംവെദ്

**"എനിക്ക് എന്റേതായ ഒരു മനസ്സാക്ഷിയും മനസ്സുമുണ്ട്. ദൈവം എനിക്കുതന്നിട്ടുള്ള എല്ലാക്കാര്യങ്ങളും ഞാൻ സ്വയം ചിന്തിക്കുകയും പ്രവർത്തിക്കുകയും വേണം. ഇന്ത്യൻ പൗരോഹിത്യഗോത്രത്തിന്റെ നുകത്തിൽനിന്ന് ഞാൻ എന്നെത്തന്നെ മോചിപ്പിച്ചിരിക്കുന്നു. അതിനാൽ എല്ലാം സ്വീകരിച്ച് സമാനമായ മറ്റൊരു നുകത്തിൻകീഴിൽ എന്നെത്തന്നെ ഏൽപ്പിക്കാൻ ഞാൻ ഇപ്പോൾ തയ്യാറല്ല."**

താരാബായ് ഷിൻഡെ



ഗ്രന്ഥസൂചി:

Ambedkar, B.R. 1989. 'Essays on Untouchables and Untouchability' in Vasant Moon (ed.), Dr. Babasaheb Ambedkar: Writings and Speeches, Vol. 5, Mumbai: Education Department, Govt. of Maharashtra.
Chakravarti, Uma. 2007. Pandita Ramabai: A Life and A Times, New Delhi: Critical Quest.
Chakravarti, Uma. 2014. Pandita Ramabai: Once More, New Delhi: Critical Quest.
Chakravarti, Uma. 1998. Rewriting History: The Life and Times of Pandita Ramabai, New Delhi: Kali for Women.
Nye, Malory. 2003. Religion: The Basics, London: Routledge.
Omvedt, Gail. 2006. 'Hinduism as Patriarchy: Ramabai, Tarabai and Others' in Dalit Visions: Tracts for the Times, New Delhi: Orient Blackswan Pvt Ltd.
Ramabai, Pandita. 2013. The High Caste Hindu Woman, New Delhi: Critical Quest.